LIBRARY ARCHIVES Kerala Legislative Assembly

വിലങ്ങൽകുന്ന്. ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കാൻ നടപടി

65 [1153] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ അടാട്ട് പഞ്ചായത്തിലെ വിലങ്ങൽകുന്ന് ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിന് എന്ത് പദ്ധതിയാണ് നിലവിലുള്ളത് ;

(ബി) ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത പദ്ധതി വികസനത്തിനായി എത്ര സംഖ്യ മുടക്കി എന്ന് പറയാമോ ;

(സി) ഈ കേന്ദ്രത്തിൽ നിന്നും ഡി.ടി.പി.സി.ക്ക് എത്ര പണം ലഭിച്ചിട്ടുണ്ട് ;

(ഡി) ഇതിൽ നിന്നും വികസനത്തിനായി എത്ര പണം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിലങ്ങൽകുന്നിന്റെ വികസനത്തിന് 25 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) 7,89,330 രൂപ.

(ഡി) 3,67,679 രൂപ.

വലിയപറമ്പുകായൽ പ്രദേശത്ത് ടൂറിസം പ്രോജക്ട് നടപ്പിലാക്കാൻ നടപടി

66 [1154] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് കായൽ പ്രദേശത്ത് ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വലിയപറമ്പ് കായൽ പ്രദേശത്തെ അയറ്റികടവിൽ ഒരു ബോട്ട് ജെട്ടിയുടെ നിർമ്മാണത്തിന് 37,45,698 രൂപ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ കായൽത്തീര ടൂറിസം പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി വരുന്നുണ്ട്.